## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5498** **01/07/2019-ൽ മറുപടിയ്ക്ക്**

## കോ-ഓപ്പറേറ്റീവ് മെമ്പേഴ്സ് റിലീഫ് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സഹകരണ ആശ്വാസ ഫണ്ടിന് (കോ-ഓപ്പറേറ്റീവ് മെമ്പേഴ്സ് റിലീഫ് ഫണ്ട്) രൂപം നല്കിയത് എന്നാണ് എന്ന് അറിയിക്കാമോ; ഈ ഫണ്ട് രൂപം നല്കിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | 1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ 22.6.2018 ലെ സ.ഉ.(കൈ)നം. 22/2018/സഹ നമ്പർ ഉത്തരവ് പ്രകാരം സ്കീം അംഗീകരിച്ച ഉത്തരവായിട്ടുണ്ട്. ടി ഫണ്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. 5 വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>1) മാരക രോഗബാധിതരായവർ (അർബുദം, വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, കരൾ സംബന്ധമായ ഗുരുതരമായ അസുഖം ബാധിച്ചവർ).<br>2) വാഹനാപകടത്തിൽ പെട്ട് അംഗവൈകല്യം സംഭവിച്ചവർ/ ശയ്യാവലംബരായവർ.<br>3) അപകടത്തിൽപെട്ട് ശയ്യാവലംബരായ അംഗങ്ങളുടെ/ മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർ. |

| | | | |
|---|---|---|---|
| | | | 4) മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാദ്ധ്യതപ്പെട്ട കുട്ടികൾ.<br>5) പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട് വീടും അനുബന്ധ സ്വത്ത് വകകളും നഷ്ടപ്പെട്ടവർ |
| (ബി) | ഈ ഫണ്ടിൽ നിന്ന് നാളിതുവരെ സഹകാരികൾക്ക് എത്ര തുക സഹായധനമായും മറ്റും അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ഈ ഫണ്ടിൽ നിന്നും സഹകാരികൾക്ക് സഹായധനം നൽകി തുടങ്ങിയിട്ടില്ല, |
| (സി) | പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് ഈ ഫണ്ടിൽ നിന്ന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ? | (സി) | പ്രളയദുരിതാശ്വാസ നിധിയിലേക്ക് ഈ ഫണ്ടിൽ നിന്ന് 35 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ